**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 513** | **10-02-2025 - ൽ മറുപടിയ്ക്ക്**

**തങ്കളം - കാക്കനാട് നാലുവരിപ്പാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കാക്കനാട് - തങ്കളം നാലുവരിപ്പാതയുടെ ചെയിനേജ് 0/000 (മനയ്ക്കക്കടവ്) മുതൽ 27/324 (തങ്കളം) വരെയുള്ള ഭാഗമാണ് KRFB മുഖേന നിർവ്വഹണം നടത്തുന്നത്. 27.324 കിമി നീളം വരുന്ന പദ്ധതിയുടെ ചെറുവട്ടൂർ മുതൽ തങ്കളം (ചെയിനേജ് 20/000 മുതൽ 27/234) വരെയുള്ള ഭാഗത്തിന്റെ 255 കോടി രൂപയുടെ ഡി.പി.ആർ നിർവ്വഹണ ഏജൻസി 10/08/2020-ന് കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. ആയത് അവലോകനം നടത്തി ചെയിനേജ് 0/000 മുതൽ 27/324 വരെയുള്ള മുഴുവൻ സ്ട്രെച്ചും ഉൾപ്പെടുത്തി സമഗ്രമായ DPR സമർപ്പിക്കുവാൻ 04/06/2021-ലെ സാങ്കേതിക അവലോകന റിപ്പോർട്ട് പ്രകാരം കിഫ്ബി നിർവ്വഹണ ഏജൻസിക്ക് നിർദേശം നൽകിയിരുന്നു.<br><br>പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നിന്നും സ്ഥല പരിശോധന നടത്തി തയ്യാറാക്കിയ അലൈൻമെന്റും പ്രൊഫൈലും നിർവ്വഹണ ഏജൻസിക്ക് സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പ്രൊഫൈൽ പ്രകാരം പല സ്ഥലങ്ങളിലും ഗ്രേഡിയന്റ് IRC അനുവദിക്കുന്ന ഏറ്റവും കൂടിയ ഗ്രേഡിയന്റ് ആയ 8 ശതമാനത്തേക്കാൾ അധികരിക്കുന്നതായി കണ്ടെത്തിയതിനാൽ ഈ പാത IRC മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് ഡിസൈൻ ചെയ്യുവാൻ സാധ്യമല്ലെന്ന് ഡിസൈൻ വിഭാഗത്തിൽ നിന്നും വ്യക്തമാക്കിയിരുന്നു.<br><br>ഈ വസ്തുതകൾ കണക്കിലെടുത്ത് പദ്ധതി സംബന്ധിച്ച് കിഫ്ബിയിൽ നിന്നും തീരുമാനമെടുക്കണമെന്ന നിർവ്വഹണ ഏജൻസിയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ 12/05/2023-ന് |

| | | | |
|---|---|---|---|
| | | | കിഫ്ബി ഉദ്യോഗസ്ഥർ പ്രസ്തുത അലൈൻമെൻറ് സന്ദർശിക്കുകയും, കാക്കനാട് മനക്കക്കടവ് മുതൽ കോതമംഗലം തങ്കളം വരെ (ചെയിനേജ് 0/000 മുതൽ 27/234 വരെ) ഉള്ള നിലവിലെ അലൈൻമെന്റ് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം പ്രായോഗികമല്ല എന്നും, മറ്റ് അലൈൻമെന്റുകളുടെ സാധ്യത പരിശോധിക്കുന്നതിനും 01/06/2023-ലെ കത്ത് മുഖേന നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നതുമാണ്. ഇതിന് വേണ്ടി നിർവ്വഹണ ഏജൻസി കിഫ്ബി TRC വിംഗിന്റെ സാങ്കേതിക സഹായം അഭ്യർത്ഥിച്ചിരുന്നതും, ബദൽ അലൈൻമെന്റ് സംബന്ധിച്ച് TRC വിംഗ് വിശദമായ പഠനം നടത്തുകയും ചെയ്തിരുന്നു.<br><br>തുടർന്ന് 24/05/2024-ന് സി.ഇ.ഒയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ മൂവാറ്റുപുഴ - കാക്കനാട് റോഡും തങ്കളം - കാക്കനാട് റോഡും ഒറ്റ പ്രവൃത്തിയായി പരിഗണിക്കുന്നതിനുള്ള സാധ്യത പഠിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. കിഫ്ബിയിലെ സാങ്കേതിക വിഭാഗം സ്ഥല പരിശോധന നടത്തുകയും വിവിധ അലൈൻമെന്റ് സാധ്യതകൾ പരിശോധിക്കുകയും, മുൻപ് കേരള റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ചതും, പ്രായോഗികമല്ല എന്ന് കണ്ടെത്തിയതുമായ അലൈൻമെന്റിനെ അപേക്ഷിച്ച് കയറ്റിറക്കങ്ങൾ കുറഞ്ഞ പാതയിലൂടെയുള്ള അലൈൻമെന്റ് തങ്കളം മുതൽ വീട്ടൂർ വരെയുള്ള ഭാഗത്ത് കണ്ടെത്തുകയും ആയത് 08/01/2025-ലെ കത്ത് മുഖേന നിർവഹണ ഏജൻസിയുടെ അഭിപ്രായത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് തങ്കളം മുതൽ വീട്ടൂർ വരെ നീളുന്ന അലൈൻമെന്റ് നിലവിൽ കോതമംഗലം ഭാഗത്ത് പൊതുമരാമത്ത് നിരത്ത് വിഭാഗം പ്രവൃത്തി നടത്തിയ സ്ട്രെച്ച് ഉൾപ്പെടുത്തി കോതമംഗലം, മേലെ പീടിക, മുളവൂർ, ഈസ്റ്റ് പായിപ്ര, പള്ളിച്ചിറങ്ങര, പുന്നോപ്പടി, വീട്ടൂർ എന്നീ സ്ഥലങ്ങളിലൂടെയാണ് കണ്ടെത്തിയിരിക്കുന്നത്. വാഴപ്പിള്ളി – കിഴക്കമ്പലം റോഡ് വീതി കൂട്ടിയാണ് വീട്ടൂർ മുതൽ കിഴക്കമ്പലം വരെയുള്ള ഭാഗത്തെ അലൈൻമെന്റ് വിഭാവനം ചെയ്യുന്നത്. കിഴക്കമ്പലം മുതൽ കാക്കനാട് വരെയുള്ള ഭാഗത്തെ അലൈൻമെന്റ് സംബന്ധിച്ച പഠനങ്ങൾ പ്രാഥമിക ഘട്ടത്തിലുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി സാങ്കേതിക തടസ്സങ്ങൾ നീക്കി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | അലൈൻമെന്റ് അന്തിമമാകുന്ന മുറയ്ക്ക് അതിൻ പ്രകാരമുള്ള പരിഷ്കരിച്ച ഡി.പി.ആർ നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പ്രവൃത്തിയ്ക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. ധനാനുമതി ലഭിച്ച ശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ